നമ്പർ : ICPS 2/16354/2016

സാമൂഹ്യ നീതി ഡയറക്ടറേറ്റ്, പൂജപ്പുര
തിരുവനന്തപുരം 07/07/2016

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങൾ - 1.08.2016 മുതൽ 31.03.2017 വരെയുള്ള കാലയളവിൽ നടത്താനുദ്ദേശിക്കുന്ന പ്രത്യേക പരിപാടികളും പദ്ധതികളും - പ്രൊപ്പോസലുകൾ - സംബന്ധിച്ച്.

സൂചന : 09.05.2016-ൽ കൂടിയ 15-ാമത് ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം

09.05.2016-ൽ കൂടിയ എസ്.സി.പി.എസ്-ന്റെ 15-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 01.08.2016 മുതൽ 31.03.2017 വരെയുള്ള കാലയളവിൽ ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിൽ വച്ചു നടത്താൻ ഉദ്ദേശിക്കുന്ന പ്രത്യേകമായ പരിപടികളേയും പദ്ധതികളേയും കുറിച്ചുള്ള പ്രൊപ്പോസലുകൾ അതാതു സ്ഥാപനങ്ങളിൽ നിന്നു വാങ്ങി അടുത്തു കൂടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിയ്ക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പദ്ധതികളും പരിപാടികളും കാലേകൂട്ടി തയ്യാറാക്കി ആവശ്യമായ അനുമതി ലഭ്യമാക്കി നടപ്പുസാമ്പത്തിക വർഷം കഴിയുന്നതിനു മുമ്പ് കാര്യക്ഷമമയും പ്രയോജനകരവുമായ രീതിയിൽ നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ നിർദ്ദേശം നൽകുന്നത്.

2. സ്ഥാപനങ്ങൾ, സ്ഥാപന നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കും, പദ്ധതിക്കും, പരിപാടികൾക്കുമുള്ള പ്രൊപ്പോസലുകൾ അയച്ചു തരാവുന്നതാണ്.

(1) കുട്ടികൾക്ക് ട്യൂഷൻ നൽകുന്നതുൾപ്പടെയുള്ള വിദ്യാഭ്യാസ പരിപാടികൾ.
(2) കുട്ടികൾക്ക് മാനസികോല്ലാസത്തിനു വേണ്ടിയുള്ള പരിപാടികൾ.
(3) തൊഴിൽ പരിശീലനങ്ങൾ.
(4) വിനോദയാത്രകൾ.
(5) സ്ഥാപനങ്ങളിൽ ലൈബ്രറി സജ്ജീകരിയ്ക്കൽ.
(6) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ വിവിധ സാധനസാമഗ്രികളുടെ വാങ്ങലുകൾ.
(7) ആഘോഷപരിപാടികൾ സംഘടിപ്പിയ്ക്കൽ.
(8) ദേശീയ അന്തർദേശീയ പ്രാധാന്യമുള്ള ദിനാചരണങ്ങൾ.
(9) കുട്ടികളുടെ കലാകായിക പരിശീലനങ്ങൾ.
(10) കുട്ടികളുടെ കായിക കലാമത്സരങ്ങൾ സംഘടിപ്പിക്കൽ.

3. മേൽപ്പറഞ്ഞവ കൂടാതെ സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടതും കുട്ടികൾക്കു പ്രയോജനകരവുമായ മറ്റു പരിപാടികളുടെ നടത്തിപ്പ് സംബന്ധിച്ചുള്ള പ്രൊപ്പോസലുകളും സമർപ്പിയ്ക്കാവുന്നതാണ്.

4. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ നിർബന്ധമായും പൂർണ്ണവും ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതുമായിരിക്കണം. സാധാരണഗതിയിൽ ഒരു പ്രൊപ്പോസലിൽ ആവശ്യകതയനുസരിച്ച് ഉൾപ്പെടുത്തേണ്ട പ്രധാനപ്പെട്ട വിവരങ്ങൾ ഇവയാണ്:-

(1) പദ്ധതിയുടെ/പരിപാടിയുടെ പേര്.
(2) ആമുഖം.
(3) പദ്ധതിയുടെ/പരിപാടിയുടെ ഉദ്ദേശ്യം.
(4) കാലയളവ്.
(5) ഗുണഭോക്താക്കൾ.
(6) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള രീതി.
(7) പദ്ധതി/പരിപാടി കൊണ്ടു കൈവരിക്കാനുദ്ദേശിക്കുന്ന നേട്ടങ്ങൾ.
(8) വ്യക്തവും വിശദവുമായ സാമ്പത്തിക വിശകലനം.
(9) ഫണ്ടിന്റെ ലഭ്യത.
(10) സൂപ്രണ്ടിന്റെ വ്യക്തമായ ശുപാർശ.

5. പദ്ധതികൾക്കും പരിപാടികൾക്കുമായി ഐ.സി.പി.എസ് ഗൈഡ്‌ലൈനിൽ അനുവദിക്കപ്പെട്ടിട്ടുള്ള തുക കൂടാതെ സ്റ്റേറ്റ് ഫണ്ടിൽ നിന്നുള്ള വിഹിതവും വിനിയോഗിക്കാവുന്നതാണ്.

6. മേൽപ്പറഞ്ഞ വിവരങ്ങളടങ്ങിയ പ്രൊപ്പോസലുകൾ A4 സൈസിലുള്ള പേപ്പറിൽ തയ്യാറാക്കി **15.07.2016-നു മുൻപ്** ഈ ഓഫീസിൽ അയച്ചു തരേണ്ടതും ഒരു പകർപ്പ് അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസർക്കു അറിവിനായി നൽകേണ്ടതുമാണ്. ഒരു പ്രൊപ്പോസൽ രണ്ടു പേജിൽ കവിയാൻ പാടില്ല. അങ്ങനെ ഓരോ സ്ഥാപനത്തെ സംബന്ധിക്കുന്ന വിവിധ പ്രൊപ്പോസലുകൾ ഒരുമിച്ചു ഈ ഓഫീസിലേക്കു അയച്ചു തരണം. സാധനസാമഗ്രികളുടെ വാങ്ങലുമായി ബന്ധപ്പെട്ടതാണെങ്കിൽ പ്രൊപ്പോസലിനോടൊപ്പം പ്രൊഫോർമ ഇൻവോയിസ് കൂടി വാങ്ങി അയച്ചു തരണം.

7. പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി നിർബന്ധമായും പാലിക്കേണ്ടതാണ്. പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ ഈ ഓഫീസുമായി ടെലിഫോണിൽ ബന്ധപ്പെടാവുന്നതാണ്.

(signature) PM

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ജെ.ജെ സ്ഥാപനമേധാവികൾക്കും

1. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
2. എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
3. ഐ.സി.പി.എസ്-4
4. സ്റ്റോക്ക് ഫയൽ